# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 87** **07.08.2017-ൽ മറുപടിക്ക്**

## പരസ്യം നൽകിയ വകയിൽ ചെലവായ തുക

| ചോദ്യം<br>ശ്രീ. കെ. മുരളീധരൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ഈ സർക്കാരിന്റെ ഒന്നാം വാർഷികാഘോഷങ്ങളുടെ ഭാഗമായി 2017 മേയ് 20 മുതൽ ജൂൺ 5 വരെ പരസ്യം നൽകിയ വകയിൽ എത്ര തുകയാണ് ചെലവഴിച്ചത്; പത്ര-ദൃശ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യചെലവ് പ്രത്യേകം പ്രത്യേകം നൽകുമോ; | (എ) | സർക്കാരിന്റെ ഒന്നാം വാർഷികാഘോഷങ്ങളുടെ ഭാഗമായി നൽകിയ പരസ്യങ്ങളുടെ ബില്ലുകൾ വിവിധ മാധ്യമ സ്ഥാപനങ്ങൾ വകുപ്പിൽ സമർപ്പിച്ചു തുടങ്ങിയിട്ടേയുള്ളൂ. പൂർണ്ണമായും ബില്ലുകൾ കിട്ടിക്കഴിഞ്ഞ് മാത്രമേ ആകെ ചെലവ് എത്രയെന്ന് നിജപ്പെടുത്താൻ കഴിയൂ. |
| ബി) | ഏതൊക്കെ മാധ്യമങ്ങൾ വഴിയാണ് പരസ്യം നൽകിയത്; | (ബി) | പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയാണ് പരസ്യം നൽകിയത്. |
| സി) | വാർഷികാഘോഷങ്ങളുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ ഫ്ളക്സ് ബോർഡുകളും, ഹോർഡിംഗുകളും സ്ഥാപിച്ച യിനത്തിൽ എന്ത് തുക ചെലവഴിച്ചു; | (സി) | വാർഷികാഘോഷങ്ങളുടെ ഭാഗമായി ഹോർഡിംഗുകൾ സ്ഥാപിച്ച വകയിൽ നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| ഡി) | പ്രസ്തുത ഫ്ളക്സ് ബോർഡുകളും, ഹോർഡിംഗുകളും സ്ഥാപിക്കുന്നതിന് ആരെയൊക്കെയാണ് ചുമതലപ്പെടുത്തിയിരുന്നത്; അവരെ എപ്രകാരമാണ് തെരഞ്ഞെടുത്തത്; ഓരോ സ്ഥാപനത്തിനും നൽകിയ തുക വെളിപ്പെടുത്തുമോ? | (ഡി) | പ്രസ്തുത ഹോർഡിംഗുകൾ സ്ഥാപിക്കുന്നതിന് താഴെ പറയുന്ന സ്ഥാപനങ്ങളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്<br>*ഐശ്വര്യ അഡ്വർടൈസിംഗ് ഇൻഡസ്ട്രീസ്, കൊച്ചിൻ-18<br>*സീറോ ഡിഗ്രി, തൃശ്ശൂർ- 680022<br>*Space Ads India Pvt. Ltd., Mumbai<br>*മധൂസ് അഡ്വർടൈസിംഗ്, കൊല്ലം<br>*ചിത്രാ പെയിന്റേഴ്സ്, 40/1316, റ്റി.ഡി. റോഡ്, കൊച്ചിൻ<br>*ബ്രൈറ്റ് കമ്മ്യൂണിക്കേഷൻസ്, കൊച്ചിൻ<br>*അഡ്വാൻസ്ഡ് ഡിസൈൻ കൺസൾട്ടന്റ്, കൊച്ചി<br>*എയിം ആഡ്സ് & ഇവന്റ്സ് co, കൊച്ചി<br>*ജെ.കെ. ആഡ്സ്, കൊല്ലം -1<br>മേൽ പറഞ്ഞ സ്ഥാപനങ്ങളെ പത്രപരസ്യം നൽകി അപേക്ഷ ക്ഷണിച്ചാണ് തെരഞ്ഞെടുത്തിട്ടുള്ളത്. നാളിതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ